## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2264** 15/07/2011 ൽ മറുപടിയ്ക്ക്

## ഭൂമികേരളം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ' ഭൂമികേരളം പദ്ധതി ' യുടെ പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) ഭൂമികേരളം പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ മണക്കാട്, തിരുമല, വില്ലേജുകളുടെ ഫീൽഡ് ജോലികൾ പൂർത്തിയായിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പാലക്കാട്, കണ്ണൂർ ജില്ലയിലെ മാണിയൂർ, തൃശ്ശൂർ ജില്ലയിലെ പൂങ്കുന്നം, മലപ്പുറം ജില്ലയിലെ പാണക്കാട് എന്നീ വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജ് റവന്യൂ ഭരണത്തിന് കൈമാറുന്നതിനായി സെക്ഷൻ13 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.<br><br>വിവിധ ജില്ലകളിൽ വനാവകാശ സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ പോലീസ് ഹെഡ്കോർട്ടേഴ്സിന് വേണ്ടിയും, കേരളാമെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്, അലിഗഡ് യൂണിവേഴ്സിറ്റിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കൽ, പുൽമേട് ദുരന്തമേഖലയിലെ കോണ്ടൂർ സർവ്വെ തുടങ്ങിയ സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ടിന് വേണ്ടിയുള്ള സർവ്വെ ജോലികളും, മൈനിംഗ് & ജിയോളജി വകുപ്പിനു വേണ്ടിയുള്ള സർവ്വെ ജോലികളും KDH സർവ്വെ ജോലികളും ഭൂമികേരളം പദ്ധതിയുടെ കീഴിൽ നടന്നു വരുന്നു. |
| (ബി) എത്ര ജില്ലകളിൽ സമഗ്ര സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട് ; ഓരോന്നിലെയും വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ബി) ഭൂമികേരളം പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള 8 താലൂക്കുകളിൽ 5 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. 38 വില്ലേജുകളുടെ റീസർവ്വെ ഇനി പൂർത്തിയാക്കാനുണ്ട്. മേൽമുറി വില്ലേജിന്റെ സെക്ഷൻ13 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മണക്കാട്, തിരുമല, പൊൻകുന്നം, മാണിയൂർ വില്ലേജുകളിലെ ആയക്കെട്ട് ഉൾപ്പെടെയുള്ള ഫീൽഡ് ജോലികൾ പൂർത്തിയായി വരുന്നു. |

| | |
|---|---|
| (സി) പ്രസ്തുത നടത്തിപ്പിന് തടസ്സം നേരിട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; | (സി) ഉണ്ട്. അതെക്കുറിച്ച് അന്വേഷിച്ചു വരുന്നു |
| (ഡി) കുറ്റമറ്റ രീതിയിൽ പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടി കളാണ് സ്വീകരിക്കാനുദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ.? | (ഡി) മുകളിൽ സൂചിപ്പിച്ച പ്രകാരം അന്വേഷണം പൂർത്തീകരിച്ച ശേഷം നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ